## തൊഴിൽ മേള 25 ന്

ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്റർ നടത്തുന്ന മെഗാ തൊഴിൽ മേള "ദിശ 2017 " നവംബർ 25 നു പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ്മാ നേജ്മെന്റിൽ നടക്കും.3000ത്തിൽപരം തൊഴിൽ അവസരങ്ങളാണ്തൊഴിൽ മേളയിലുള്ളത്.ആലപ്പുഴജില്ലാഎംപ്ലോയ്മെൻറ് എക്സ്ചേഞ്ചും പുന്നപ്ര സഹകരണ എഞ്ചിനീയറിംഗ് കോളേജും സംയുക്തമായി നടത്തുന്ന ജോബ് ഫെയറിൽ കേരളത്തിനകത്തും പുറത്തുമായുള്ള 40 സ്വകാര്യ സ്ഥാപനങ്ങൾ പങ്കെടുക്കും .തൊഴിൽ അന്വേഷകർക്കു മുന്നിൽ എണ്ണമറ്റ അവസരങ്ങൾ എത്തിച്ചുനൽകുക എന്നതാണ് മേളയുടെ ഉദ്ദേശ്യം .രജിസ്റ്റർ ചെയ്യാത്തവർക്ക് രജിസ്റ്റർ ചെയ്യാനുള്ള അവസരം എംപ്ലോയബിലിറ്റി സെന്ററിൽ ഒരുക്കി യിട്ടുണ്ട്. രജിസ്റ്റർ ചെയുന്ന ഉദ്യോഗാർത്ഥികൾക്ക് ആഴ്ച തോറും ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നടക്കുന്ന മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലേക്കുള്ള അഭിമുഖങ്ങൾക്കും അവസരമുണ്ടായിരിക്കും .എസ് എസ് എൽ സി മുതൽ പ്ലസ് ടു , ബിരുദം, ഡിപ്ലോമ, ബി ടെക്, ഐ ടി ഐ , ഐ ടി സി , ബിരുദാനന്തര ബിരുദം വരെ യോഗ്യത ഉള്ളവർക്ക് തൊഴിൽ വാഗ് ദാനം ചെയുന്നുണ്ട് . 18നും 40നും ഇടക്ക് പ്രായമുള്ളവരെയാണ് തൊഴിൽ മേള ലക്ഷ്യമിടുന്നത് മേളയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ രാവിലെ 8 മണിക്ക് കോളേജിൽ എത്തിച്ചേരേണ്ടതാണ്. ഐ ടി , ബാങ്കിങ് , നോൺ ബാങ്കിങ് , എഫ് എം സി ജി , ഓട്ടോമൊബൈൽ, റീടെയ്ൽസ്, എഡ്യൂക്കേഷൻ അക്കാദമി , ബി പി ഒ, കെ പി ഒ , പ്രൊഡക്ഷൻ , ആശുപത്രികൾ , ടെലികോം , ബിൽഡേഴ്സ് മേഖലകളടക്കം ഉദ്യോഗാർത്ഥികളുടെ യോഗ്യതക്കനുസരിച്ചുള്ള ജോലികൾ മേളയിലൂടെ സ്വന്തമാക്കാം .

എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്തു മേളയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നവംബർ 23 നു മുൻപായി ബയോഡേറ്റ , സർട്ടിഫിക്കറ്റുകളുടെ പകർപ്പ് , ഗവ . അംഗീകൃത തിരിച്ചറിയൽ കാർഡ് , എന്നിവ സഹിതം ആലപ്പുഴ ബോട്ട് ജെട്ടിക്കു സമീപമുള്ള മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്തിച്ചേരുക .

മെഗാ ഫെയറിൽ പങ്കെടുക്കുന്ന കമ്പനികളുടെ വിശദ വിവരങ്ങളും അവരുടെ റിക്വയർമെൻറ്സും വരും ദിവസങ്ങളിൽ WWW.EMPLOYABILITYCENTRE.ORG എന്ന വെബ് സൈറ്റിലും ALAPPUZHA EMPLOYABILITY CENTRE എന്ന എംപ്ലോയബിലിറ്റി സെന്റർ ഫേസ് ബുക്ക് പേജിലും പ്രസിദ്ധികരിക്കുന്നതാണ് .

ഫോൺ:0477 -2230624, 8078828780

സ്ഥലം : ആലപ്പുഴ
തീയതി: 07-11-2017

എംപ്ലോയ്മെന്റ് ഓഫീസർ

തൊഴിൽ വാർത്തകൾ
www.thozhilvaarthakal.com